# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 281** — **07/08/2017-ൽ മറുപടിക്ക്**

## പകർച്ചവ്യാധികൾ തടയുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഒ.രാജഗോപാൽ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | പകർച്ചവ്യാധികളുടെ ഈറ്റില്ലമായി കേരളം മാറിയിട്ടുളളത് എന്തു-കൊണ്ടാണെന്ന് പറയാമോ; | എ) | • ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയമായ സംവിധാനത്തിന്റെ പോരായ്മ<br>• കേരളീയന്റെ ശീലങ്ങളിൽ നിന്ന് പരിസര ശുചിത്വത്തിന്റെ പ്രാധാന്യം അപ്രത്യക്ഷമാകൽ<br>• കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ<br>• കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ<br>• ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും<br>• വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ |
| ബി) | പകർച്ചപ്പനി തടയുന്നതിനു പകരം അലോപ്പതിയും ആയുർവ്വേദവും ഹോമിയോയും തമ്മിൽ മത്സരം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്നു കമ്പനികളും അലോപ്പതി ഡോക്ടർമാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് കാരണം ജനങ്ങൾ ദുരിതത്തിലാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഇല്ലാതാക്കുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>മരുന്നു കമ്പനികളും അലോപ്പതി ഡോക്ടർമാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളാണ് സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ കുറിക്കുന്നത്. |
| സി) | ഇപ്പോൾ വിപണിയിലുള്ള അത്യാവശ്യമരുന്നുകൾ ഏതൊക്കെയാണെന്ന്, തരം തിരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | ദേശീയ തലത്തിൽ ആവശ്യമരുന്ന് പട്ടിക (എൻ.എൽ.ഇ.എം) തരം തിരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**